**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം.2668/2018/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം 17/10/2018**

---

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 11.07.2018 ലെ എ 3/190/2015 നമ്പർ കത്ത്.

## ഉത്തരവ്

ഗ്രാമാസൂത്രണ വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ ആകെ എണ്ണത്തിന്റെ 1/3 പേർക്ക് റേഷ്യോ ഹയർ ഗ്രേഡ് 45800-89000 എന്ന ശമ്പള സ്കെയിലിൽ അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ ഹയർ ഗ്രേഡ് ലഭിച്ച 17 പേരിൽ 4 പേർക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ഒരാൾ വിരമിക്കുകയും ചെയ്തതിനാൽ നിലവിലുള്ള താല്ക്കാലിക സീനിയോറിറ്റി പട്ടിക പ്രകാരം തുടർന്നുവരുന്ന 5 പേർക്ക് റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ഗ്രാമാസൂത്രണ വകുപ്പിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തിക 51 ആയതിനാൽ ആയതിന്റെ 1/3 ആയ 17 പേർക്ക് റേഷ്യോ ഹയർ ഗ്രേഡിന് അർഹതയുണ്ട്. നിലവിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ ഹയർ ഗ്രേഡ് ലഭിച്ച 17 പേരിൽ 4 പേർക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ഒരാൾ വിരമിക്കുകയും ചെയ്തതിനാൽ നിലവിലുള്ള താല്ക്കാലിക സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 17 മുതലുള്ള ചുവടെ ചേർക്കുന്ന ഡെപ്യൂട്ടി ടൗൺ പ്ലാനർമാർക്ക് അവരുടെ പേരിനു നേരെയുള്ള കോളങ്ങളിലെ തിയതി പ്രാബല്യത്തിൽ 45800-89000 എന്ന ശമ്പള സ്കെയിലിൽ റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | സീനിയോറിറ്റി പട്ടികയിലെ ക്രമനമ്പർ | റേഷ്യോ ഹയർ ഗ്രേഡ് അനുവദിക്കുന്ന തിയതി |
|---|---|---|---|
| 1 | ശ്രീമതി. ഫാമിദാ യൂസഫ്. എം | 17 | 26/05/16 F N |
| 2 | ശ്രീമതി. ഊർമ്മിളാരാജ്. യു. | 18 | 01/07/17 F.N |
| 3 | ശ്രീ. മൊഹമ്മദ് മുസ്തഫ. കെ. | 19 | 25/05/18 F.N |

| | | | |
|---|---|---|---|
| 4 | ശ്രീ. അരുൺ ജി | 20 | 30/05/18 A.N |
| 5 | ശ്രീമതി. കെ. എം. സുമതി | 21 | 04/06/18 F.N |

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ